**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4849** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മുഖാന്തിരം ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ പോലീസ് സ്റ്റേഷനും, കുഴൽമന്ദം പോലീസ് സ്റ്റേഷനും വേണ്ടി രണ്ട് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ആലത്തൂർ സബ് ജയിലിൽ സി.സി.ടി.വി സംവിധാനം 2016 നവംബറിൽ കമ്മീഷൻ ചെയ്തു തുടർന്ന് ടി സംവിധാനം 17 ക്യാമറകൾ ഉൾപ്പെടുത്തി വിപുലീകരിച്ചു. ആലത്തൂർ സബ് ജയിലിൽ 6,56,204/- രൂപ ചെലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചു. ഇ-പ്രിസൺ, ഇ-ഫയൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കുകയും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ സ്ഥാപിക്കുകയും ചെയ്തു. ജയിൽ അന്തേവാസികളുടെ തെറ്റുതിരുത്തൽ പ്രക്രിയയുടെ ഭാഗമായി 1,37,500/- രൂപ ചെലവിൽ ജയിൽ ക്ഷേമദിനാഘോഷം സംഘടിപ്പിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ 3,78,561/- രൂപ ചെലവിൽ ആലത്തൂർ സബ് ജയിലിലെ സെല്ലുകളിൽ ടൈൽസ് പാകി. 2019-20 വർഷത്തിൽ 97,846/- രൂപ ചെലവിൽ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചു. 2020-21 ൽ ആലത്തൂർ സബ് ജയിലിൽ 60,000/- രൂപ ചെലവിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ആലത്തൂർ നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് പരിശീലനം നൽകുകയും നിലവിൽ 27 പേർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആപത് മിത്ര പദ്ധതിയുടെ ഭാഗമായി മുപ്പതോളം സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആലത്തൂർ നിലയത്തിനുള്ള സ്ഥലം ഏറ്റെടുക്കലും പൂർത്തിയായിട്ടുണ്ട്. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകൾ ഉപയോഗിച്ച് ആലത്തൂർ നിലയത്തിൽ വാഹനങ്ങളും |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ